നിദാ ലുലു കെ.ജി കാരകുന്ന്
nidhalulukg@gmail.com



# അയൽവാസിയോടുള്ള ബാധ്യതകൾ

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا, عَنِ النَّبِيِّ ﷺ قَالَ: مَا زَالَ جِبْرِيلُ يُوصِينِي بِالْجَارِ حَتَّى ظَنَنْتُ أَنَّهُ سَيُوَرِّثُهُ (بخارى، مسلم)

ആഇശ(റ)യിൽ നിന്ന്: നബി (സ) പറഞ്ഞു: "ജിബ്‌രീൽ എന്നെ അയൽവാസിയുടെ കാര്യത്തിൽ ഉപദേശിച്ചുകൊണ്ടേയിരുന്നു. അയൽവാസിയെ അനന്തരാവകാശിയാക്കിയേക്കുമോ എന്നുവരെ ഞാൻ വിചാരിച്ചു" (ബുഖാരി, മുസ്‌ലിം).

കുടുംബ ബന്ധം പോലെത്തന്നെ ഉദാത്തമായാണ് അയൽപക്ക ബന്ധത്തെയും ഇസ്‌ലാം കാണുന്നത്. മത-ജാതി വ്യത്യാസങ്ങളുടെ വേലിക്കെട്ടുകൾ അയൽപക്ക ബന്ധത്തിന് തടസ്സമല്ലെന്ന് റസൂൽ (സ) ജീവിതത്തിലൂടെ മാതൃക കാണിച്ചു തന്നിട്ടുണ്ട്. അയൽവാസി ആരായാലും ഒട്ടേറെ ബാധ്യതകൾ വിശ്വാസിക്ക് അവരോടുണ്ട്. അബൂ ശുറൈഹിൽ ഖുസാഇ(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അയൽവാസിക്ക് നന്മ ചെയ്യട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അതിഥിയെ ബഹുമാനിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലത് പറയട്ടെ. അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ."

അയൽവാസിയെ അവഗണിക്കുന്നവന് കഠിന ശിക്ഷയാണുള്ളത്. ആരുടെ ഉപദ്രവത്തിൽ നിന്ന് അയൽക്കാരൻ നിർഭയനല്ലയോ അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. നമസ്കാരങ്ങളാലും നോമ്പിനാലും അവരുടെ ജീവിതം സമ്പന്നമായാലും ശരി, അയാൾ നരകാവകാശിയായിത്തീരും. 'അല്ലാഹുവാണ, അയാൾ സത്യവിശ്വാസിയാവുകയില്ല' എന്ന് നബി (സ) മൂന്ന് പ്രാവശ്യം ആണയിട്ടത് അയൽക്കാരനെ ഉപദ്രവിക്കുന്നവനെക്കുറിച്ചാണ്.

അയൽക്കാരന് ഉപകാരം ചെയ്യാതിരിക്കുന്നതും ശിക്ഷക്ക് കാരണമാകും. പ്രവാചകൻ പറഞ്ഞു: "അന്ത്യനാളിൽ എത്രയെത്ര ആളുകളാണ് തങ്ങളുടെ അയൽക്കാരോടൊപ്പം ദൈവസന്നിധിയിൽ ഹാജരാവുക! അയൽക്കാരൻ പറയും: എന്റെ നാഥാ, ഇവൻ എന്റെ നേരെ വാതിൽ കൊട്ടിയടക്കുകയും ഇവന്റെ നന്മകൾ എനിക്ക് തടയുകയും ചെയ്തു."

വ്യക്തിയുടെ നന്മയും ജീവിത വിശുദ്ധിയും തീരുമാനിക്കുന്നതിൽ അയൽക്കാരന്റെ വാക്ക് അന്തിമമാണ്. ഇബ്നു മസ്ഊദ്(റ)പറയുന്നു: ഒരാൾ പ്രവാചകനോട് ചോദിച്ചു: "ഞാൻ നന്മ ചെയ്യുന്നവനാണോ തിന്മ ചെയ്യുന്നവനാണോ എന്ന് എനിക്കെങ്ങനെ മനസ്സിലാക്കാൻ സാധിക്കും?" അവിടുന്ന് പറഞ്ഞു: "നിന്റെ അയൽക്കാരൻ നീ നന്മ ചെയ്യുന്നവനാണെന്ന് പറഞ്ഞാൽ നീ നന്മ ചെയ്യുന്നവൻ തന്നെയാണ്. മറിച്ച് നീ തിന്മ ചെയ്യുന്നവനാണ് എന്നാണ് അവൻ പറയുന്നതെങ്കിൽ നീ തിന്മ പ്രവർത്തിക്കുന്നവനാണ്."

സേവനത്തിന്റെയും സഹകരണത്തിന്റെയും കവാടങ്ങൾ അയൽക്കാരനു നേരെ തുറന്നുവെക്കാനും പ്രതിസന്ധികളിൽ അവന് അത്താണിയായിത്തീരാനും വിശ്വാസിക്ക് കഴിയേണ്ടതുണ്ട്. തന്റെ കുടുംബത്തിനും സമ്പത്തിനുമുണ്ടാവുന്ന നഷ്ടം ഭയന്ന് അയൽക്കാരനു നേരെ വാതിൽ കൊട്ടിയടക്കുന്നവൻ സത്യവിശ്വാസിയല്ല. അയൽവാസികളോടുള്ള ബാധ്യതയായി നബി (സ) പലപ്പോഴായി പറഞ്ഞ വാചകങ്ങൾ ഇങ്ങനെ ചുരുക്കി വായിക്കാം: അയൽക്കാരൻ തന്നോട് സഹായമർഥിച്ചാൽ നീ അവനെ സഹായിക്കണം. കടം ചോദിച്ചാൽ കൊടുക്കണം, രോഗിയായാൽ സന്ദർശിക്കണം, അവന് വല്ല നന്മയും കൈവന്നാൽ ആശംസ നേരണം, മരണപ്പെട്ടാൽ ജനാസയെ അനുഗമിക്കണം, അവന്റെ അനുവാദം കൂടാതെ കെട്ടിടം ഉയർത്തി നീ അവന്റെ വീട്ടിലേക്കുള്ള വായു സഞ്ചാരം തടസ്സപ്പെടുത്തരുത്, നിന്റെ കറിയിൽ നിന്ന് ഒന്നും നൽകാതെ അതിന്റെ മണം മാത്രം പരത്തിക്കൊണ്ട് നീ അവനെ ഉപദ്രവിക്കരുത്, പഴം വാങ്ങിയാൽ അതിന്റെ ഒരു വിഹിതം അവന് നൽകുക; അല്ലെങ്കിൽ സ്വകാര്യമായി വീട്ടിൽ വെക്കുക, അതുമായി നിന്റെ മകൻ പുറത്തുപോകുന്നത് വഴി അവന്റെ മകൻ പ്രയാസപ്പെടാനിടവരാതെ നോക്കണം...

പ്രമുഖ സ്വഹാബിയായ അബൂ ദർറുൽ ഗിഫാരി(റ)യെ പ്രവാചകൻ ഇപ്രകാരം ഉപദേശിക്കുകയുണ്ടായി: "അബൂദർറേ, നീ കറി പാകം ചെയ്താൽ അതിന്റെ വെള്ളം അധികരിപ്പിച്ചെങ്കിലും നിന്റെ അയൽക്കാരെ പരിഗണിക്കുക." 'സ്വന്തം സഹോദരൻ വിശന്നിരിക്കുമ്പോൾ വയറു നിറച്ചുണ്ണുന്നവൻ സത്യവിശ്വാസിയാവുകയില്ല' എന്ന ഹദീസും സുവിദിതമാണല്ലോ.

അയൽക്കാരന്റെ ഗുണകാംക്ഷിയാവുകയും തെറ്റുകൾ ബോധ്യപ്പെടുത്തുകയും വേണം. നബി(സ) പറയുകയുണ്ടായി: "ഓരോരുത്തരും തന്റെ സഹോദരന്റെ കണ്ണാടിയാണ്. അതിൽ അഴുക്കു പുരണ്ടാൽ തുടച്ചുകളയണം. നന്മ ഉപദേശിക്കണം. അയൽക്കപക്കത്തുള്ളവൻ നല്ലവനായാലും അല്ലെങ്കിലും അവനോട് നല്ല നിലയിൽ വർത്തിക്കണം." നബി(സ)ക്ക് അദ്ദേഹത്തെ ഉപദ്രവിക്കുന്ന അയൽക്കാരുമുണ്ടായിരുന്നു. അദ്ദേഹം അവരോട് മാന്യമായി പെരുമാറി. തങ്ങൾക്ക് ഏറ്റവും നല്ല അയൽവാസിയായിരുന്നു പ്രവാചകനെന്ന് അവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ●